"ഭരണഭാഷ- മാതൃഭാഷ"

## കേരള സർക്കാർ

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പ് - ജീവനക്കാര്യം - കൺസൾട്ടന്റ്മാരുടെ സ്ഥലംമാറ്റവും നിയമനവും - പരിഷ്കരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.1533/2023/H&FWD തീയതി,തിരുവനന്തപുരം, 27-06-2023

---

പരാമർശം:-

1. സ.ഉ. (സാധാ) നം.1182/2023/ആകുവ തീയതി 18.05.2023.
2. സ.ഉ. (സാധാ) നം.1288/2023/ആകുവ തീയതി 29.05.2023.
3. സ.ഉ. (സാധാ) നം.1382/2023/ആകുവ തീയതി 09.06.2023
4. സ.ഉ. (സാധാ) നം.1335/2023/ആകുവ തീയതി 03.06.2023.
5. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 13.06.2023-ലെ ഇ.എ.1-11120/2023/ആവഡ നമ്പർ കത്ത്.
6. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 15.06.2023-ലെ ഇ.എ.1-11241/2023/ആവഡ നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (2) ഉത്തരവ് പ്രകാരം കൺസൾട്ടന്റ് ദന്തൽ തസ്തികയിലേയ്ക്ക് സ്ഥാനംക്കയറ്റം ലഭിച്ച ഡോ.രാജേഷ്.എസ്.-നെ തൃശ്ശൂർ ജനറൽ ആശുപത്രിയിൽ നിയമനം നൽകിയിരുന്നു. എന്നാൽ പരാമർശം (3) ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച കൺസൾട്ടന്റ്മാരുടെ പൊതുസ്ഥലംമാറ്റത്തിൽ സ്ഥലംമാറ്റമാനദണ്ഡങ്ങൾ പരിഗണിച്ച് കോട്ടയം പാലാ ജനറൽ ആശുപത്രിയിലെ ദന്തൽ വിഭാഗം കൺസൾട്ടന്റ് ഡോ.ദീപ.എൽ-നെ തൃശ്ശൂർ ജനറൽ ആശുപത്രിയിൽ ഡോ.രാജേഷ്.എസ്. ജോലി നോക്കി വരുന്ന കൺസൾട്ടന്റ് ദന്തൽ തസ്തികയിലേയ്ക്ക് സ്ഥലംമാറ്റം നൽകി ഉത്തരവായി. ആയതിനാൽ ഡോ.രാജേഷ്.എസ്.-ന് കോട്ടയം പാല ജനറൽ ആശുപത്രിയിൽ ഡോ.ദീപ.എൽ. ജോലി നോക്കിയിരുന്ന കൺസൾട്ടന്റ് ദന്തൽ തസ്തികയിൽ സ്ഥലംമാറ്റം നൽകണമെന്ന് പരാമർശം (5) കത്ത് പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്തിരിക്കുന്നു. കൂടാതെ, കൺസൾട്ടന്റ് അനസ്തീഷ്യ തസ്തികയിൽ പരാമർശ ഉത്തരവ് (1) പ്രകാരം സ്ഥാനക്കയറ്റം നൽകി പരാമർശം (4) ഉത്തരവ് പ്രകാരം തലശ്ശേരി ജനറൽ ആശുപത്രിയിൽ നിയമനം നൽകിയിരുന്ന



0361262

ഡോ.ലക്ഷ്മി പ്രിയ. പി.വി.ക്ക് തിരൂർ ജില്ലാ ആശുപത്രിയിൽ നിലവിൽ ഒഴിവുള്ള കൺസൾട്ടന്റ് അനസ്തീഷ്യ തസ്തികയിൽ സ്ഥലംമാറ്റം നൽകുവാൻ പരാമർശം (6) കത്ത് പ്രകാരവും ആരോഗ്യ വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്തിരുന്നു.

2) മേൽ സാഹചര്യത്തിൽ, അനസ്തീഷ്യ വിഭാഗം കൺസൾട്ടന്റ് ഡോ.രാജേഷ്.എസ്.-നെ തൃശൂർ ജനറൽ ആശുപത്രിയിൽ നിന്നും സ്ഥലംമാറ്റം നൽകി പാലാ ജനറൽ ആശുപത്രിയിൽ നിയമിച്ചും, കൂടാതെ, പരാമർശം (4) ഉത്തരവ് പ്രകാരം തലശ്ശേരി ജനറൽ ആശുപത്രിയിൽ കൺസൾട്ടന്റ് അനസ്തീഷ്യ തസ്തികയിൽ നിയമനം നൽകിയിരുന്ന ഡോ.ലക്ഷ്മി പ്രിയ.പി.വി.ക്ക് ഭരണ സൗകര്യാർത്ഥം തിരൂർ ജില്ലാ ആശുപത്രിയിൽ നിലവിൽ ഒഴിവുള്ള കൺസൾട്ടന്റ് അനസ്തീഷ്യ തസ്തികയിൽ സ്ഥലംമാറ്റം നൽകിയും ഉത്തരവാകുന്നു.

3) ആരോഗ്യ വകുപ്പ് ഡയറക്ടർ ഈ ഉത്തരവ് പി . ഡി . എഫ് രൂപത്തിൽ ഔദ്യോഗിക വെബ് - സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ആയതിന്റെ പകർപ്പ് ഔദ്യോഗികാവശ്യങ്ങൾക്ക് ഉപയോഗിക്കേണ്ടതുമാണ് .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SREEJITH V P
ജോയിന്റ് സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർക്ക്(ആരോഗ്യം)
ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ&ഇ), കേരളം, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
R Renuka
സെക്ഷൻ ഓഫീസർ
Date: 27-06-2023 16:40:59

പകർപ്പ്:- ആരോഗ്യവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എക്ക്.

മേലെഴുത്ത് നം. ഇ. എ1 - 11120/2023/ആ.വ.ഡ, തീയതി 27.06.2023
സർക്കാർ ഉത്തരവിന്റെ പകർപ്പ് അറിവിലേയ്ക്കും മേൽനടപടികൾക്കുമായി വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു.

ആ.വ.ഡയ്ക്ക് വേണ്ടി